ഭവന നിർമ്മാണ പദ്ധതികൾ

*688 [746] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:
,, കെ. പി. നൂറുദ്ദീൻ
,, എൻ. പി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്;

(ബി) ഓരോ ഏജൻസിയുടേയും പ്രവർത്തനപരിധി എന്ത്;

(സി) വിവിധ ഏജൻസികൾ പദ്ധതികൾ കൈകാര്യം ചെയ്യുന്നതു കൊണ്ട് ലക്ഷ്യം നേടുന്നതിന് കാലതാമസം ഉണ്ടാകുന്നു എന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെൻറ് അർദ്ധ ഗവൺമെൻറ് ഏജൻസികളുടെ കീഴിലുള്ള ഭവന നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടത്ര നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഉതകത്തക്ക ഒരു ഭരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ & ബി) വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് †

(സി) ഇങ്ങനെ ഒരു അഭിപ്രായഗതി ഉണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലുണ്ട്.

പ്രൈവറ്റ് ബസ് തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റിയുള്ള റിപ്പോർട്ട്

*689 [747] ശ്രീ. ആർ. എസ്. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൈവറ്റ് ബസ് തൊഴിലാളികളുടെ വേതന-സേവന വ്യവസ്ഥകൾ തീരുമാനിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഒരു കമ്മിറ്റിയെ നിയമിച്ചതെന്നാണ്;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ താമസിക്കുന്നതിൽ പ്രതിഷേധിച്ച് പ്രൈവറ്റ് ബസ് തൊഴിലാളികൾ പ്രത്യക്ഷ സമരത്തിന് തയ്യാറെടുത്തു വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[ചോദ്യം *618 (746) കാണുക]
[ചോദ്യത്തിലെ (എ) യും (ബി) യും വിഭാഗം]

	വേന നിർമ്മാണ പദ്ധതികളും നടപ്പാക്കുന്ന ഏജൻസികളും	ഏജൻസികളുടെ പ്രവർത്തന പരിധി
1.	കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്	സംസ്ഥാനമാകെ
2.	റൂറൽ ഹൗസിംഗ് സെൽ	,, ,,
3.	വനംവകുപ്പും ജില്ലാ കളക്ടർമാരും ബി. ഡി. ഒ. മാരും	,, ,,
4.	വിശാലകൊച്ചി വികസന അതോറിറ്റി	വിശാല കൊച്ചി
5.	കേരള സംസ്ഥാന അപ്പെക്സ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി	സംസ്ഥാനമാകെ
6.	കേരള മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ	,, ,,
7.	കേരള പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ	,, ,,
8.	പൊതു മരാമത്തു വകുപ്പ്	,, ,,
9.	ധനകാര്യ വകുപ്പ്	,, ,,
10.	ലേബർ കമ്മീഷണർ (തൊഴിൽ വകുപ്പ്)	,, ,,
11.	ട്രൈബൽ വെൽഫയർ ഡയറക്ടർ	,, ,,
12.	ദേശസാൽകൃത ബാങ്കുകളും പൊതു മേഖലാ ബാങ്കുകളും	,, ,,

LIBRARY ARCHIVES Kerala Legislative Assembly